**നാളത്തെ പാട്ട്**
**ഇടശ്ശേരി**

# നാളത്തെ പാട്ട്

നേടീ ഞങ്ങൾ മനുഷ്യാവകാശം
പാടീ ഞങ്ങൾ മനോജ്ഞാഭിലാഷം
ആടീ ഞങ്ങൾ സമൃദ്ധിതൻ നൃത്തം
കൂടീ ഞങ്ങളിലേകത്വബോധം.
ദുരിതങ്ങളില്ലിനി-
ദ്ദോഷങ്ങളില്ലിനി-
ച്ചരിതങ്ങൾക്കുണ്ടാമേ ചാരുത്വം.

കോടീരങ്ങൾ നിലത്തു പതിച്ചൂ
വാടീ, രത്നങ്ങൾ നീളെത്തെറിച്ചു
ചൂടീ തദ്ദ്യുതി പുൽത്തല കൂടി
തേടീ രൂഢം പരസ്പരസഖ്യം.

കലഹങ്ങളവസാനി-
ച്ചുലകിന്നു സൗഹൃദ-
കളകളഗീതിയാലാലോലം.

മേടം തീക്കനൽ കോരി വിതച്ചൂ
പാടം പച്ചത്തഴപ്പും പുതച്ചു
വേലപ്പെൺകൊടി പാടുന്നുണ്ടയൽ-
മേടത്തട്ടിലുലാവുമ്പോൾ

അറിയാമിന്നെങ്ങൾക്കു
പുതുമണ്ണിൽ കരികീറി-
ച്ചൊരിയും സുഗന്ധത്തിൻ ഗൂഢാർത്ഥം.

മേലാളർക്കു വിശക്കുകയില്ല
വെയ്ലാളില്ല, നനയുകയില്ല
നാലാൾക്കൊത്തിനി നമ്മൾക്കു വാഴാം
നീലാകാശതലത്തിനു താഴെ

പണിയിച്ചാരോരോന്നാ-
യവരൊക്കെപ്പാതാള-
പദവിയിലാറടി സ്വർല്ലോകം

വാഴ്വിന്നുണ്ടൊരു ഗാനമാധുര്യം,
വാഴ്വിന്നുണ്ടു വിശിഷ്ടമൊരർത്ഥം,
വാഴ്വിന്നുണ്ടു സമുന്നതോദ്ദേശം
വാഴാം നമ്മൾക്കു മർത്ത്യരെപ്പോലെ.

ദുരിതങ്ങളില്ലിനി-
ദ്ദോഷങ്ങളില്ലിനി-
ച്ചരിതങ്ങൾക്കുണ്ടാമേ ചാരുത്വം.